## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **08-02-2023 - ൽ മറുപടിയ്ക്ക്**

## പട്ടിക വിഭാഗക്കാരെ പരമ്പരാഗത കാർഷിക രീതികളും ആധുനിക കൃഷിയും പരിശീലിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ പരമ്പരാഗത കാർഷിക രീതികളും ആധുനിക കൃഷിയും പരിശീലിപ്പിച്ച് അവരുടെ ജീവിത പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ പരമ്പരാഗത കൃഷി രീതി പരിശീലിപ്പിക്കുന്നതിനായി നോഡൽ ഓഫീസറുടെ(ആത്മ പ്രോജെക്ട് ഡയറക്ടർ) മേൽ നോട്ടത്തിൽ ജൈവ കൃഷി രീതികൾ, മാതൃ തോട്ട സന്ദർശനം തുടങ്ങിയവ നൽകി വരുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി **മില്ലെറ്റ് വില്ലേജ് പദ്ധതി** കൃഷി വകുപ്പും പട്ടിക വർഗ്ഗ വകുപ്പും സംയുക്തമായി നടപ്പിലാക്കിയിരുന്നു. കൂടാതെ അട്ടപ്പാടി **ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി** കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ആധുനിക കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പഠന യാത്രകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. തത്ഫലമായി ശീതകാല പച്ചക്കറികൾ ആയ ഉരുളക്കിഴങ്ങ് ഉൾപ്പെടെയുള്ളവ അട്ടപ്പാടിയിലെ ആദിവാസികളെ കൊണ്ട് കൃഷി ചെയ്യിക്കാൻ സാധിച്ചു. കൂടാതെ **കൃതൃത കൃഷി** അവലംബിച്ചു വരുന്നു. ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും ഉൽപ്പന്നങ്ങൾ കൂടുതൽ വിലക്ക് വിൽക്കുന്നതിനും പ്രത്യേക വിപണനം തുടങ്ങുന്നതിനും തൃശൂർ ജില്ലയിൽ ആതിരപ്പള്ളി ട്രൈബൽ വാലി എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി എന്നിവ മുഖാന്തരം ആദിവാസി വിഭാഗങ്ങളെ കൃഷിയിലേക്ക് കൊണ്ട് വരാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിൽ കൃഷിവകുപ്പിന്റെ PKVY,BPKP പദ്ധതികൾ മുഖാന്തരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ പരമ്പരാഗത കൃഷിരീതികൾ |

| | | | |
|---|---|---|---|
| | | | പരിശീലിപ്പിക്കുന്നതിനായി ബ്ലോക്കുതല പരിശീലനം, പഠന യാത്രകൾ നാട്ടറിവുകളുടെ സംരക്ഷണം പരമ്പരാഗത വിത്തുകളുടെ സംരക്ഷണം, മാതൃക കൃഷിത്തോട്ടം എന്നിവയിലും പരിശീലനം നൽകി വരുന്നു.<br><br>മലപ്പുറം ജില്ലയിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് 2022--23 വർഷത്തിൽ ജനകീയാസൂത്രണം - തൊഴിലുറപ്പ് പദ്ധതികൾ സമന്വയിപ്പിച്ച് ഔഷധമഞ്ഞൾകൃഷി മേഖലയിൽ പരിശീലനം നടത്തിവരുന്നു.<br><br>റീബിൽഡ് കേരള ഇനീഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി 7.91 കോടി രൂപ വകയിരുത്തി, പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗക്കാർ വസിക്കുന്ന മേഖലകളിൽ നദി സംരക്ഷണവും ജലസേചന പദ്ധതികളും നടപ്പാക്കി കൃഷി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | അട്ടപ്പാടി പ്രദേശത്തു നിലവിൽ പ്രാദേശികമായി യോജിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി സിഞ്ചായി യോജന പദ്ധതിയും ഈ മേഖലയിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ